1. 'എ' കോളത്തിന് അനുയോജ്യമായവ 'ബി' കോളത്തിൽ നിന്നും കണ്ടെത്തി എഴുതുക. (4 × 1 = 4)

| എ | ബി |
|---|---|
| കൗടില്യൻ | വാകാടകന്മാർ |
| ഹരിസേനൻ | ബ്രാഹ്മി ലിപി |
| പ്രഭാവതി ഗുപ്ത | അർഥശാസ്ത്രം |
| ജയിംസ് പ്രിൻസെപ്പ് | പ്രയാഗ പ്രശസ്തി |

**2 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വിതം.** (4 × 1 = 4)

2. ഖ്വാജ മൊയ്നുദ്ദീന്റെ ആരാധനാലയം സന്ദർശിച്ച ആദ്യ സുൽത്താനെ കണ്ടെത്തുക.
   (a) ഔറംഗസീബ് (b) ഷാജഹാൻ
   (c) മുഹമ്മദ് ബിൻ തുഗ്ലക് (d) ഗിയാസുദ്ദീൻ ഖൽജി

3. ചുവടെ നൽകിയിട്ടുള്ളതിൽ രാജകീയ ചരിത്രകാരൻ ആര്?
   (a) സിയാവുദ്ദീൻ ബറണി (b) മുഹമ്മദ് കാസിം
   (c) ശെയ്ഖ് നിസാമുദ്ദീൻ (d) മാലിക്ക് മുഹമ്മദ് ജയ്സി

4. അക്ബറിന്റെ ധനകാര്യ മന്ത്രിയെ കണ്ടെത്തുക.
   (a) അബുൾ ഫൈസി (b) അബുൾ ഫസൽ
   (c) അമീർ ഖുസ്രു (d) രാജാ ടോഡർമാൾ

5. 'ഹുമയൂൺ നാമ' എന്ന ഗ്രന്ഥത്തിന്റെ രചയിതാവിന്റെ പേരെഴുതുക.
   (a) ജഹനാര (b) ഗുൽബദൻ ബീഗം
   (c) റോഷനാര (d) നൂർജഹാൻ

6. ആധുനിക തിരുവിതാംകൂറിന്റെ സ്ഥാപകൻ ആര് ?
   (a) സ്വാതി തിരുനാൾ (b) ഗൗരി പാർവതി ഭായി
   (c) മാർത്താണ്ഡ വർമ്മ (d) ശ്രീചിത്തിര തിരുനാൾ ബാലരാമവർമ

7. വരണ്ട പ്രദേശം ഭൂമിശാസ്ത്ര സവിശേഷതയായ 'തിണൈ'യെ കണ്ടെത്തുക.
   (a) നെയ്തൽ (b) പാലൈ
   (c) മരുതം (d) മുല്ലൈ

8. ചുവടെ കൊടുത്തിട്ടുള്ളവയെ കാലഗണന ക്രമത്തിൽ ക്രമീകരിക്കുക : (4 × 1 = 4)

- കയ്യൂർ സമരം
- ഗുരുവായൂർ സത്യഗ്രഹം
- പാലിയം സത്യഗ്രഹം
- തിരുവിതാംകൂറിലെ ക്ഷേത്രപ്രവേശന വിളംബരം

9. തന്നിരിക്കുന്ന പ്രാചീന ഇന്ത്യയുടെ രൂപരേഖയിൽ ചുവടെ കൊടുത്തിരിക്കുന്ന സ്ഥലങ്ങൾ അടയാളപ്പെടുത്തുക : (4 × 1 = 4)

- ലുംബിനി
- ഭർഹുത്ത്
- അമരാവതി
- സാഞ്ചി

**10 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 8 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വിതം.** **(8 × 2 = 16)**

10. ഹരപ്പൻ ലിപിയുടെ സവിശേഷതകൾ സൂചിപ്പിക്കുക.

11. കണ്ടെത്തിയ വസ്തുക്കളെ പുരാവസ്തുഗവേഷകർ തരംതിരിക്കുന്നത് എങ്ങനെ ?

12. രാക്ഷസി-തങ്കടി യുദ്ധത്തെക്കുറിച്ച് ഒരു കുറിപ്പ് എഴുതുക.

13. വിജയനഗരത്തിലെ വിശുദ്ധ കേന്ദ്രത്തിൽ കാണപ്പെടുന്ന ക്ഷേത്രങ്ങളുടെ പേരെഴുതുക.

14. അബുൾ ഫസലിന്റെ പരമാധികാരമെന്ന ആശയത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുക.

15. സന്താൾ കലാപത്തിലേയ്ക്ക് നയിച്ച ഏതെങ്കിലും രണ്ട് കാരണങ്ങൾ ചൂണ്ടികാണിക്കുക.

16. അവധ് രാജ്യത്തെ ബ്രിട്ടീഷുകാർ പിടിച്ചെടുത്തത് എന്തുകൊണ്ട് ?

17. 1857-ലെ കലാപത്തിലേക്ക് നയിച്ച ഏതെങ്കിലും രണ്ട് കിംവദന്തികൾ എഴുതുക.

18. സ്വരൂപവും സങ്കേതവും തമ്മിലുള്ള വ്യത്യാസം എഴുതുക.

**19 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(2 × 3 = 6)**

19. സ്തൂപങ്ങളുടെ ഘടന വിശദമാക്കുക.

20. റയറ്റ്വാരി വ്യവസ്ഥയുടെ സവിശേഷതകൾ വ്യക്തമാക്കുക.

21. ഇന്ത്യാ വിഭജനം സ്ത്രീകളെ ബാധിച്ചത് എങ്ങനെ ?

**22 മുതൽ 26 വരെയുള്ളവയിൽ ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(4 × 4 = 16)**

22. ഹരപ്പൻ സംസ്കാരത്തിന്റെ അധ:പതനത്തിലേയ്ക്ക് നയിച്ച കാരണങ്ങൾ വിശദമാക്കുക.

23. പുരാതന ഇന്ത്യയിൽ സ്വത്തവകാശത്തെ നിർണയിക്കുന്ന ഘടകങ്ങളെ വ്യക്തമാക്കുക.

24. വിജയനഗരത്തിൽ കാണപ്പെടുന്ന രാജകീയ കേന്ദ്രത്തിന്റെ സവിശേഷതകൾ സൂചിപ്പിക്കുക.

25. മുഗൾ കാലത്തെ ദിനവൃത്താന്തങ്ങൾ തയ്യാറാക്കുന്നതിനെ കുറിച്ച് ഒരു കുറിപ്പ് എഴുതുക.

26. മധ്യകാല ഇന്ത്യയുടെ കാർഷിക സമൂഹത്തിൽ സ്ത്രീകളുടെ പങ്ക് വിശകലനം ചെയ്യുക.

**27 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം.** **(2 × 5 = 10)**

27. മഗധയുടെ ഉദയത്തിലേയ്ക്ക് നയിച്ച ഘടകങ്ങൾ പട്ടികപ്പെടുത്തുക.

28. ദക്ഷിണേന്ത്യയിലെ ഭക്തി പ്രസ്ഥാനത്തിന്റെ വളർച്ചയിൽ ആഴ്വാന്മാരുടെയും നായനാർമാരുടെയും സംഭാവനകൾ ചർച്ചചെയ്യുക.

29. 1857-ലെ കലാപത്തിൽ അവധിലെ താലൂക്ക്ദാർമാർ ബ്രിട്ടീഷുകാർക്കെതിരെ പോരാടിയത് എന്തുകൊണ്ട് ?

**30 മുതൽ 32 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വിതം.** **(2 × 8 = 16)**

30. ഹരപ്പൻ സംസ്കാരത്തിന്റെ സവിശേഷതകൾ വിശദമാക്കുക.

    സൂചനകൾ :

    - ഗാർഹിക വാസ്തുവിദ്യ
    - കരകൗശലോൽപ്പാദനം
    - വലിയ കുളം

31. ചുവടെ നൽകിയിട്ടുള്ള സൂചനകളുടെ അടിസ്ഥാനത്തിൽ ഫ്രാങ്കോയിസ് ബർണിയറെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.

    - "കിഴക്കിനെയും", "പടിഞ്ഞാറിനെയും" താരതമ്യം ചെയ്യൽ
    - ഭൂവുടമസ്ഥത

32. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട നിസ്സഹകരണ-പ്രസ്ഥാനത്തെയും ഉപ്പുസത്യഗ്രഹത്തെയും വിശകലനം ചെയ്യുക.

---